Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2023/1562 (2) തീയതി : 10.01.2023

## സർക്കുലർ

വിഷയം :- **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2020-23 ബാച്ചിന്റെ അസൈൻമെന്റ് മൂല്യനിർണ്ണയം സംബന്ധിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 1. സ.ഉ (സാധാ) നം.36/ 2018/ പൊ.വി. തീയതി 20.01.2018.

2. ഈ ഓഫീസിലെ 05.08.2022 ലെ KITE/ 2022/ 1562/ (51) നമ്പർ സർക്കുലർ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ പ്രവർത്തിച്ചു വരുന്ന ലിറ്റിൽ കൈറ്റ്സ് 2020-23 ബാച്ചിലെ അംഗങ്ങൾ പൂർത്തീകരിക്കേണ്ട അസൈൻമെന്റുകളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തി സൂചന 2 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. അസൈൻമെന്റ് പ്രവർത്തനങ്ങളുടെ മൂല്യനിർണയം സംബന്ധിച്ച വിശദാംശങ്ങൾ പുറപ്പെടുവിക്കുന്നു:

1. അനുബന്ധമായി ചേർത്തിരിക്കുന്ന സൂചകങ്ങളെ അടിസ്ഥാനമാക്കി വിദ്യാർഥികളുടെ അസൈൻമെന്റുകളുടെ മൂല്യനിർണയം 2023 ജനുവരി 30 നകം ഓരോ യൂണിറ്റിലും പൂർത്തിയാക്കേണ്ടതാണ്.
2. വിദ്യാർഥികൾ തയാറാക്കിയ വ്യക്തിഗത അസൈൻമെന്റുകളിൽ അനിമേഷൻ, ഗ്രാഫിക് ഡിസൈനിങ്, പ്രോഗ്രാമിങ് വിഭാഗത്തിലെ ഉല്പന്നങ്ങൾ (എക്സ്പോർട്ട് ഫയലും പ്രോജക്ട് ഫയലും, ഷൂട്ട് ചെയ്തവയാണെങ്കിൽ raw വീഡിയോയും) ഡിജിറ്റലായി ശേഖരിച്ച് വിദ്യാർഥിയുടെ പേരിലുള്ള ഫോൾഡറിൽ സൂക്ഷിക്കേണ്ടതാണ്.
3. റാസ്പ്ബെറിപൈ/ റോബോട്ടിക്സ് വിഭാഗങ്ങളിലെ ഉല്പന്നങ്ങളാണെങ്കിൽ അവയുടെ പ്രോഗ്രാമിങ്ങിന്റെ സോഴ്സ് ഫയലുകളും അവയുടെ പ്രവർത്തനം വിശദീകരിക്കുന്ന വീഡിയോ അല്ലെങ്കിൽ റിപ്പോർട്ട് എന്നിവയുമാണ് ഉല്പന്നമായി സൂക്ഷിക്കേണ്ടത്.
4. ഗ്രൂപ്പ് പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷൻ (പ്രോജക്ട് റിപ്പോർട്ട്), ഉല്പന്നം (സോഫ്റ്റ്‌വെയർ ഉപയോഗിച്ചുള്ളവയാണ് പ്രോജക്ട് ഫയലും എക്സ്പോർട്ട് ഫയലും, ഷൂട്ട് ചെയ്തവയുണ്ടെങ്കിൽ അവയുടെ raw ഫയലും), പ്രവർത്തന ഡയറി എന്നിവയാണ് സൂക്ഷിക്കേണ്ടത്.
5. പ്രവർത്തന ഡയറി, റിപ്പോർട്ട് എന്നിവ എഴുതിത്തയാറാക്കിയതോ പ്രിന്റ് ചെയ്തതോ ആവാം.
6. അസൈൻമെന്റുകളുടെ ആദ്യഘട്ട മൂല്യനിർണയം അതതു യൂണിറ്റിന്റെ ചുമതലയുള്ള കൈറ്റ് മാസ്റ്റർ, കൈറ്റ് മിസ്ട്രസ് എന്നിവർ ചേർന്നാണ് നടത്തേണ്ടത്. സ്കോർഷീറ്റിന്റെ കൺസോളിഡേഷൻ സ്കൂൾ ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.
7. കുട്ടികൾക്ക് ലഭിച്ച സ്കോറുകൾ അനുബന്ധമായി നൽകിയ മാതൃകയിൽ തയാറാക്കി, ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സംവിധാനത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

8. അസൈൻമെന്റുകളുടെ രണ്ടാംഘട്ട മൂല്യനിർണയം മാസ്റ്റർ ട്രെയിനർമാർ 2023 ഫെബ്രുവരി 10 നുള്ളിൽ ഓരോ യൂണിറ്റും സന്ദർശിച്ച് നടത്തേണ്ടതാണ്. വിദ്യാർഥികൾ തയാറാക്കിയ ഉല്പന്നങ്ങൾ, സ്കോർഷീറ്റുകൾ എന്നിവ മാസ്റ്റർട്രെയിനർമാരുടെ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്. ഓരോ യൂണിറ്റിലെയും ചുരുങ്ങിയത് 25% വിദ്യാർഥികളുടെയെങ്കിലും ഉല്പന്നങ്ങളും സ്കോറുകളും റാൻഡമായി പരിശോധിച്ച് മൂല്യനിർണയത്തിന്റെ കൃത്യത ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി ആവശ്യമെങ്കിൽ വിദ്യാർഥികളുമായി അഭിമുഖം നടത്തേണ്ടതാണ്.

9. രണ്ടാംഘട്ട മൂല്യനിർണയത്തിനു ശേഷം ഓരോ വിദ്യാർഥിയുടെയും സ്കോറുകൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സംവിധാനത്തിൽ പരിശോധിച്ച് ഫെബ്രുവരി 20 നുള്ളിൽ ചുമതലയുള്ള മാസ്റ്റർട്രെയിനർമാർ കൺഫേം ചെയ്യേണ്ടതാണ്.

10. രണ്ടാം ഘട്ട മൂല്യനിർണയത്തിനു ശേഷം വിദ്യാർഥികൾക്ക് ലഭിച്ച ഗ്രേഡുകൾ ലിറ്റിൽ കൈറ്റ്സ് ഓൺലൈൻ മാനേജ്മെന്റ് സംവിധാനത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്. ഇത് പ്രിന്റൗട്ടെടുത്ത് സ്കൂൾ നോട്ടീസ് ബോർഡിൽ 2023 ഫെബ്രുവരി 22-ന് പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

11. മൂല്യനിർണയം പൂർത്തിയാക്കിയ വിദ്യാർഥികളുടെ ഉല്പന്നങ്ങൾ രണ്ട് വർഷം സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

കെ. അൻവർ സാദത്ത്
**ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ**

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലേയും പ്രഥമാധ്യാപകർക്ക് - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ

## അനുബന്ധം - 1

### 1. A പ്രോജക്ട് (വ്യക്തിഗതം) - മൂല്യനിർണയ സൂചകങ്ങൾ

| | **1.അനിമേഷൻ** | സ്കോർ |
|---|---|---|
| 1. | **തീം**<br>ആശയത്തിന്റെ പുതുമ, മൗലികത, സാമൂഹിക പ്രസക്തി, സമഗ്രത, ആശയത്തെ സമീപിച്ചതിലെ സവിശേഷതയും യുക്തിയും | 30 |
| 2. | **കാരക്റ്റർ, പശ്ചാത്തല ഡിസൈനിങ്ങ്**<br>ഭംഗി, കാരക്റ്ററും പശ്ചാത്തലവും തമ്മിലുള്ള പൊരുത്തം, സൂക്ഷ്മത, ആശയത്തോടുള്ള ചേർച്ച, ഡിസൈനിന്റെ സാങ്കേതിക മേന്മ | 30 |
| 3. | **അനിമേഷൻ സാങ്കേതിക വിദ്യയുടെ യുക്തമായ ഉപയോഗം**<br>പ്രയോഗ നൈപുണി, ഓഡിയോ/വീഡിയോ സിങ്കിങ്ങ്, ചലനങ്ങളുടെ ഒഴുക്കും ലയവും, ടൂളുകളുടെ ഉചിതവും യുക്തവുമായ തിരഞ്ഞെടുപ്പും ഉപയോഗവും, ഉചിതമായ FPS. | 30 |
| 4. | **പശ്ചാത്തല ശബ്ദവും ഉപ-സംവിധാനങ്ങളും**<br>പശ്ചാത്തല ശബ്ദം, നറേഷൻ, ഡയലോഗുകൾ എന്നിവയുടെ അനുയോജ്യത, സ്വാഭാവികത, ദൃശ്യങ്ങളുടെ തുടർച്ചയും സംവേദന ക്ഷമതയും, ടൈറ്റിലുകളുടെ ഔചിത്യം, ആശയം പ്രസന്റു ചെയ്ത രീതി. | 30 |
| ആകെ സ്കോർ | | 120 |

| | **2.ഗ്രാഫിക് ഡിസൈനിങ്ങ്** | |
|---|---|---|
| 1. | **തീം**<br>ആശയത്തിന്റെ പുതുമ, മൗലികത, പ്രസക്തി, സമഗ്രത, ആശയത്തെ സമീപിച്ചതിലെ സവിശേഷതയും യുക്തിയും | 30 |
| 2. | **ഡിസൈൻ**<br>ഭംഗി, ചേർച്ചയും സമന്വയവും, ചിത്രീകരണത്തിന്റെ യുക്തി, ആശയ വിനിമയശേഷി, മൗലികത | 30 |
| 3. | **ടൂളുകളുടെ ഉപയോഗം**<br>തിരഞ്ഞെടുപ്പിലെ അനുയോജ്യത, പ്രയോഗം, നൈപുണി, സൂക്ഷ്മത, കൃത്യത | 30 |
| 4. | **പെയിന്റിങ്ങ്/ചിത്രീകരണ നൈപുണികൾ**<br>റിഥം, കോമ്പിനേഷൻ, പൂർണത, നിറ സംയോജനം, ദൃശ്യങ്ങളുടെ പരിപ്രേക്ഷ്യം (Perspective) | 30 |
| ആകെ സ്കോർ | | 120 |

| | **3. പ്രോഗ്രാമിങ്/റാസ്പ്ബെറി പൈ/റോബോട്ടിക്സ്** | |
|---|---|---|
| 1. | **ഉപകരണം/ഉത്പന്നം**<br>മൗലികത, ആശയത്തിന്റെ നൂതനത്വം, സമഗ്രത, ആശയത്തെ സമീപിച്ചതിലെ യുക്തി, പ്രയോഗ ക്ഷമത | 30 |
| 2. | **നിർവഹണം**<br>നിർവഹണത്തിൽ കുട്ടിക്കുള്ള പങ്ക്, വിശദീകരണ ശേഷി, ഇംപ്രോവൈസേഷൻ സാധ്യതകൾ, ഉപയോഗ വൈവിധ്യം | 30 |
| 3. | **യന്ത്ര നിർവഹണം**<br>വൃത്തിയും ഭംഗിയുമുള്ള മെക്കാനിക്കൽ/സർക്കീട്ട് ഡിസൈനിങ്ങ്, ഇന്റഗ്രേഷൻ, പ്രവർത്തന ക്ഷമത, ചുറ്റുപാടുകളിൽനിന്ന് കണ്ടെത്തിയതോ, പുനരുപയോഗിച്ചതോ ആയ ടൂളുകളുടേയും യന്ത്രങ്ങളുടേയും ഉപയോഗം, നിലവിൽ ലഭ്യമായ വിഭവങ്ങളുടെ മെച്ചപ്പെടുത്തിയ ഉപയോഗം. | 30 |
| 4. | **കോഡുകളുടെ സാങ്കേതിക നിർവഹണം**<br>പിഴവില്ലാത്ത നിർവഹണം, പ്രോഗ്രാമിങ്ങ് സിന്റാക്സുകളുടെ യുക്തവും പിഴവില്ലാത്തതുമായ വിന്യാസം, ഋജുവും സമഗ്രവുമായ കോഡുകൾ | 30 |
| | ആകെ സ്കോർ | 120 |

**1. B പ്രോജക്ട് ( ഗ്രൂപ്പ് ) - മൂല്യനിർണയ സൂചകങ്ങൾ**

| ക്രമ നമ്പർ | **മൂല്യനിർണയ സൂചകങ്ങൾ** | സ്കോർ |
|---|---|---|
| 1. | **ആശയം, പ്രവർത്തനാസൂത്രണം**<br>സാമൂഹിക പ്രസക്തി, ആസൂത്രണ മികവ്, സമഗ്രത, ചുമതലാ വിഭജനം, പുതുമ | 20 |
| 2. | **നിർവഹണം, പങ്കാളിത്തം**<br>സംഘാടന മികവ്, കുട്ടികളുടെ പങ്കാളിത്തം, ദിനക്കുറിപ്പുകളുടെ പൂർത്തീകരണവും സമഗ്രതയും | 20 |
| 3. | **ഐ.സി.ടി ടൂളുകളുടേയും ഉപകരണങ്ങളുടേയും ഉപയോഗം.**<br>തിരഞ്ഞെടുപ്പിലെ അനുയോജ്യത, പ്രയോഗം, നൈപുണി, സൂക്ഷ്മത, കൃത്യത | 20 |
| 4. | **ഉത്പന്നം/ഫലപ്രാപ്തി**<br>ഉത്പന്നത്തിന്റെ/പ്രവർത്തനത്തിന്റെ സാമൂഹിക പ്രസക്തി, ഉത്പന്നത്തിന്റെ/റിപ്പോർട്ടിന്റെ മികവ്, സമഗ്രത, ക്രമീകരണം, ധാരണകളും പ്രസന്റ് ചെയ്യാനുള്ള ഗ്രാഫിക്കൽ ടൂളുകൾ ഉപയോഗിച്ചത് | 20 |
| | ആകെ സ്കോർ | 80 |

**അനുബന്ധം - 2**

CONSOLIDATED EVALUATION SHEET OF LITTLE KITEs OF THE YEAR .......................

**യൂണിറ്റിന്റെ പേര്:** ...................................................................................................................... **നമ്പർ :**................................

| ക്രമ നമ്പർ | അഡ് നമ്പർ | വിദ്യാർഥിയുടെ പേര് | ക്ലാസ് & ഡിവിഷൻ | | | ലഭിച്ച സ്കോർ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | യൂണിറ്റ് തല പ്രവർത്തനങ്ങളിലെ ഹാജർ നില (120) | യൂണിറ്റ് തല ക്യാമ്പിലെ പങ്കാളിത്തം (100) | അസൈൻമെന്റ് | | ഉയർന്ന ക്യാമ്പുകളിലെ പങ്കാളിത്തം | | | പരിശീലനങ്ങളിൽ പരിശീലകരായുള്ള പങ്കാളിത്തം (20 Fixed) | ആകെ (500) |
| | | | | | | ഗ്രൂപ്പ് (80) | വ്യക്തിഗതം (120) | ഉപജില്ല (20 Fixed) | ജില്ല (20 Fixed) | സംസ്ഥാനം (20 Fixed) | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |
| | | | | | | | | | | | | | |

സ്ഥലം:

തിയതി: കൈറ്റ് മാസ്റ്ററുടെ ഒപ്പ് : ഹെഡ്മാസ്റ്ററുടെ/ഹെഡ്

കൈറ്റ് മിസ്ട്രസ്സിന്റെ ഒപ്പ് : മിസ്ട്രസ്സിന്റെ ഒപ്പ് :